(ഡി) എങ്കിൽ കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കോവിഡിന്റെ പശ്ചാത്തലത്തെ തുടർന്നുള്ള ലോക്ക്ഡൗണും മറ്റ് പ്രതിസന്ധികളും കാരണം കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിനുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനായി, കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്ക് പുറമേ അധികമായി 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റായി അനുവദിച്ചിരുന്നു. കൈത്തറി ക്ഷേമനിധി ബോർഡിൽനിന്നും തൊഴിലാളികൾക്ക് പ്രതിമാസം 1000 രൂപ അനുവദിക്കുന്നതിനുള്ള നടപടിയും കൈകൊണ്ടുവരുന്നു.

കൈത്തറി, ഖാദി മേഖലകളിലെ പ്രതിസന്ധി

150(420) ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി പുനരുജ്ജീവന പാതയിലായിരുന്ന കൈത്തറി, ഖാദി വ്യവസായ മേഖലകളിൽ കോവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി നേരിടുന്നത് പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ?

കോവിഡ് മഹാമാരിമൂലം നെയ്ത്ത് മേഖലയിൽ ന്യൂനിന് ക്ഷാമം, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം, വിപണനത്തിൽ കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ പുനരാരംഭിച്ചതിനുശേഷം കൂലിയും കൂടിശ്ശികയായ കൂലിയും നൽകുന്നതാണ്. കോവിഡ് കാരണം പ്രതിസന്ധി നേരിട്ട ഖാദി മേഖലയെ പരിപോഷിപ്പിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കോവിഡിന്റെ ഒന്നാം വ്യാപന കാലഘട്ടത്തിൽ ഖാദി സ്ഥാപനങ്ങളുടെ പുനഃപ്രവർത്തനത്തിനായി 50 ലക്ഷം രൂപ "കോവിഡ് സഹായം" ആയി നൽകി. കോവിഡ് -19 -ന്റെ ഒന്നാം വ്യാപന ഘട്ടത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ വർഷം ഓണത്തിന് കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്ന് 1000 രൂപ വീതം ഖാദി തൊഴിലാളിക്ക് നൽകിയതിനുപുറമേ, ഖാദി ബോർഡിലെ തൊഴിലാളികൾക്ക് 250 രൂപ വീതം കോവിഡ് അലവൻസും ബോർഡ് നൽകിയിട്ടുണ്ട്. കോവിഡ് ബാധിതരായ തൊഴിലാളികൾക്ക് 2000 രൂപ സഹായമായി നൽകി വരുന്നു. നിലവിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മെയ് 31 മുതൽ സാധ്യമായ ഉല്പാദനകേന്ദ്രങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. ഖാദി മേഖലയെ കരുത്താർജ്ജിപ്പിക്കുന്നതിനായി കൂടുതൽ നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സിൽക്ക് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനും നടപടികളെടുത്തു. വില്പന വർദ്ധിപ്പിക്കുന്നതിനായി റാന്നി, ആലപ്പുഴ, പത്തനംതിട്ട, എന്നിവിടങ്ങളിലെ ഷോറൂമുകൾ നവീകരിക്കുകയും പത്തനംതിട്ടയിലെ ഓയിൽ യൂണിറ്റ് നവീകരിച്ച് ഉല്പാദനം ഇരട്ടിയാക്കുകയും ചെയ്തിട്ടുണ്ട്. ബാലുശ്ശേരിയിലെ ഹണി പ്രോസ്സസിംഗ് യൂണിറ്റിൽ അത്യാധുനിക യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് ഉത്പാദനം വർദ്ധിപ്പിച്ചു.

(ബി) കൈത്തറി മേഖലയ്ക്ക് കൈത്താങ്ങായിരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി താല്കാലികമായെങ്കിലും മന്ദീഭവിക്കാനിടയായ സാഹചര്യത്തിൽ മറ്റുല്പന്നങ്ങളുടെ വിപണനം കൂടുതൽ ആകർഷകമാക്കി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുമോ?

കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കി വരുന്ന സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി 2021-22 അദ്ധ്യയന വർഷത്തേയ്ക്കുള്ള യൂണിഫോം തുണിയുടെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. വർഷത്തിൽ ഏകദേശം 250-300 ദിനങ്ങളിൽ ഈ പദ്ധതിവഴി തൊഴിൽ പ്രദാനം ചെയ്യുന്നുണ്ട്. കൂടാതെ കോവിഡ് വ്യാപന സമയത്ത് വിൽപ്പന നടക്കാതിരുന്ന ഖാദി തുണികൾ ഉപയോഗിച്ച് മാസ്കുകൾ തയ്ച്ച് കുറഞ്ഞ വിലയിൽ വിപണനം നടത്തിയതുവഴി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ ഖാദി കൈത്തറികൾക്ക് റിബേറ്റ് നൽകുന്നുണ്ടോ?

കൈത്തറി മേഖലയിൽ നിലവിൽ കേന്ദ്ര റിബേറ്റ് ലഭ്യമല്ല. കേന്ദ്ര സർക്കാർ 2010 മുതൽ ഖാദിക്ക് റിബേറ്റ് നൽകുന്നില്ല. പകരം അനുവദിക്കുന്ന മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റൻസ് ഉപയോഗിച്ച് 10% റിബേറ്റ് നൽകുന്നുണ്ട്.